# *മറവിക്കു പാറാവ്*

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു,* ***D.Sc.,Ph.D.****)*

**ജാക്കി റോബിൻസൺ പാർക്ക്‌വേ**
**ഇടുങ്ങിയതും തിരിവളവുകൾ**
**നിറഞ്ഞതുമായതിനാൽ**
**ബോൾപാർക്കിൽ ബേറ്റുവീശാൻ**
**യൂണിഫോം അണിയുന്നതിനുമുമ്പ്**
**സാമ്പത്തിക മാന്ദ്യമുനമ്പ്**
**ചൂർണ്ണികയാക്കി അതിജീവിച്ച**
**ഒരുപോലെ ഇടുങ്ങിയ**
**റൂസ്‌വെൽറ്റ് ഡ്രൈവേയിൽ**
**കാറോടിച്ച് നമുക്ക്**
**യാങ്കി സ്റ്റേഡിയത്തിൽ എത്താം.**
**വാങ്കഡേ സ്റ്റേഡിയത്തിൽ**
**വീശുന്ന ബേറ്റിന്റെ മുനയും**
**ജാക്കിയുടെ കയ്യൊപ്പു മങ്ങാറായ**
**പീതബേറ്റിന്റെ കനവും**
**ചോര ചുരത്താൻ അകിടിനു**
**കാലകത്തുന്ന കാമധേനുവിന്റെ**
**മുലക്കണ്ണുകൾ തുറക്കുന്ന**
**നിഗൂഢമായൊഴുകുന്ന**
**ഹാർലം തീരവും കടന്ന്**
**പരസ്യബ്ലൂണിലെ**
**പരിവർത്തന പാരിമാണിക**
**മുഴുവർണ്ണ ആലേഖനത്തിൽ**
**കണ്ണോർക്കുമ്പോൾ**
**സെൽഫോണിൽ**
**അപരിചിത അക്കങ്ങളിൽ**
**സന്ദേശകാവ്യം:**
**ജാക്കി സമ്മാനിച്ച ബേറ്റിലെ**
**നിറംമങ്ങിയ കയ്യൊപ്പു**
**പുനരുദ്ധരിക്കാൻ**

**ജൈവശാസ്ത്രത്തിലെ**
**കാവ്യസൂത്രകാരിക**
**കുറിപ്പടിയാക്കിയ**
**കാരകചികിത്സ**
**എഴുത്തുമഷിയിൽ**
**മറുഫേക്സയയ്ക്കാൻ**
**അജ്ഞാത അപേക്ഷ!**
**************************************